**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2461** **13-09-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പട്ടികജാതി, പട്ടികവർഗ്ഗഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ പട്ടികജാതി, പട്ടികവർഗ ഫണ്ട് വിനിയോഗിക്കാതെ 2022-23 സാമ്പത്തിക വർഷം ലാപ്സായ തുക എത്രയാണ്; | (എ) | വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് ചുവടെ പറയും പ്രകാരം ചെലവഴിച്ചിട്ടില്ല.<br><br>പട്ടികജാതി വിഹിതം - 2,13,91,665/-<br><br>പട്ടിക വർഗ്ഗ വിഹിതം - 7,30,28,619/- |
| (ബി) | വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് 2023–24 സാമ്പത്തിക വർഷം എത്ര തുകയാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി അനുവദിച്ചത്; ഇതിൽ എത്ര തുക കൈമാറി; എത്ര ഗഡുക്കളായാണ് തുക കൈമാറിയത്; വിശദമാക്കുമോ; | (ബി) | വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക 2023-24 സാമ്പത്തിക വർഷം ആകെ 146,79,44,533/- രൂപ അനുവദിച്ച് നൽകുകയും കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.<br><br>1)പൊതു ആവശ്യ ഫണ്ട് - 24,26,23,000/- രൂപ<br><br>2)റോഡിതര സംരക്ഷണ ഫണ്ട് - 14,61,41,100/- രൂപ<br><br>3)റോഡ് സംരക്ഷണ ഫണ്ട് - 25,53,77,000/- രൂപ<br><br>4)വികസന ഫണ്ട് സാധാരണ വിഹിതം - 44,00,56,400/- രൂപ<br><br>5)പട്ടികജാതി വികസന ഫണ്ട് (SCSP Fund) - 5,54,68,700/- രൂപ<br><br>6)പട്ടിക വർഗ്ഗ വികസന ഫണ്ട് (TSP Fund) - 24,82,52,800/- രൂപ<br><br>7)പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഉപാധിരഹിത ഗ്രാന്റ് - 2,56,45,500/- രൂപ |

| | | | |
|---|---|---|---|
| | | | 8)പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഉപാധി ഗ്രാന്റ് - 3,84,68,000/- രൂപ<br><br>9)കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) - 1,59,12,033/- രൂപ<br><br>പൊതു ആവശ്യ ഫണ്ട് അഞ്ചു ഗഡുക്കളായും ബാക്കിയുള്ളവ ഓരോ ഗഡുക്കളായിട്ടുമാണ് അനുവദിച്ചിട്ടുള്ളത്.<br><br>മുകളിൽ 7,8 എന്നിവ 2023-24ലാണ് ലഭ്യമായതും പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ളതും, മറ്റുള്ളവ 2023-24ലെ സംസ്ഥാന വിഹിതമാണ്. |
| (സി) | കഴിഞ്ഞ സാമ്പത്തികവർഷം, ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി എന്തു തുകയാണ് വയനാട് ജില്ലയിൽ ചെലവഴിക്കാൻ അനുവദിക്കാതെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചെടുത്തത് എന്ന് അറിയിക്കുമോ? | (സി) | ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി തുകയൊന്നും തിരിച്ചെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ